ഭൂഗർഭ ജലശേഖരം സംബന്ധിച്ച പഠനങ്ങൾ

11 (*221) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലശേഖരം സംബന്ധിച്ച പഠനങ്ങളോ സ്ഥിതി വിവരശേഖണമോ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ഇത് നടത്തിയതെന്നും ലഭിച്ച വിവരങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(സി) സമീപകാലത്ത് ജലചൂഷണത്തിലുണ്ടായ വർദ്ധനവുമൂലം ഭൂഗർഭ ജലവിതാനത്തിൽ ഉണ്ടായ വ്യതിയാനത്തെക്കുറിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) അമിത ജലചൂഷണം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ,

(എ) സംസ്ഥാനത്തെ ഭൂജലശേഖരം സംബന്ധിച്ച് കേന്ദ്ര ഭൂജല ബോർഡും സംസ്ഥാന ഭൂജലവകുപ്പും സംയുക്തമായി ഓരോ അഞ്ചു വർഷം തോറും പഠനം നടത്തിവരുന്നു.

(ബി) കേന്ദ്രഭൂജലബോർഡും ഭൂജലവകുപ്പും സംയുക്തമായി 2004 മാർച്ച് മാസം വരെയുള്ള ഡാറ്റ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പഠനം നടത്തിയിട്ടുള്ളത്. ഈ പഠനത്തിന്റെ റിപ്പോർട്ട് ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോർസസ് ഓഫ് കേരള എന്ന പേരിൽ 2006-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്ന നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിന്റെ ഭാഗമായി കേരളത്തിലെ ഭൂജല വിതാനത്തിന്റെ വ്യതിയാനങ്ങൾ പഠനവിധേയമാക്കുവാൻ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള 758 കിണറുകളിൽ 366 തുറന്ന കിണറുകളും 392 പീസോമീറ്ററുകളും ഉൾപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ നിരീക്ഷണവിധേയമായ 40%-ലേറെ കുഴൽക്കിണറുകളിലും ജലനിരപ്പ് താഴ്ന്നതായി കണ്ടെത്തിയിട്ടുണ്ട്. ട്യൂബ് വെല്ലുകളിലെയും ബോർവെല്ലുകളിലെയും ജലവിതാനത്തിന്റെ കുറവ് ഉണ്ടാകാനുള്ള കാരണം അവയുടെ എണ്ണത്തിലുള്ള വർദ്ധനവും വേനൽകാലത്തെ വർദ്ധിച്ച ഭൂജലത്തിന്റെ പമ്പിംഗും ആണ്. പ്രത്യേകിച്ചും ആലപ്പുഴ, കൊല്ലം പ്രദേശങ്ങളിലെ പൊതുകുടിവെള്ള സ്രോതസ്സുകളായ ട്യൂബ് വെല്ലുകളിലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. മഴയുടെ അളവിലുണ്ടായ കുറവ് ഇത് അധികരിക്കുന്നതിന് കാരണമായിട്ടുണ്ട്.

(ഡി). സംസ്ഥാനത്തെ അമിത ജലചൂഷണം തടയുവാനും ഭൂജല ഉപയോഗം നിയന്ത്രിക്കുവാനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ണവും) ആക്ട് 2002 രൂപീകരിക്കുകയും അതിൻ പ്രകാരം കേരള ഭൂജല അതോറിറ്റി 15-1-2004 തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് അമിത ജലചൂഷണ (over exploited) വിധേയമായ ബ്ലോക്കുകളിൽ പുതിയ കിണറുകൾ കുഴിക്കുവാനും. നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുവാനും ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഇതുകൂടാതെ സംസ്ഥാനത്ത് 1.5 എച്ച്പിയിൽ അധികം മോട്ടോർ ഘടിപ്പിച്ചിട്ടുള്ള തുറന്ന കിണറുകൾ, 3 എച്ച്.പി.യിൽ അധികം ശേഷിയുള്ള മോട്ടോർ ഘടിപ്പിച്ചിട്ടുള്ള ബോർവെല്ലുകൾ എന്നിവ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

12(*222) ശ്രീ. പി. ജയരാജൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും കാലാവധിക്കുള്ളിൽ തന്നെ മരുന്നുകൾ ഉപയോഗിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) മരുന്നുകളും ചികിത്സാ സാമഗ്രികളും വാങ്ങുന്നതിന് കോർപ്പറേഷൻ അനുവർത്തിക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ ജില്ലാ മരുന്ന് വെയർഹൗസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുമോ ;

(ഇ) സർക്കാർ ആശുപത്രികളിൽ എത്രകോടി രൂപയുടെ മരുന്നുകളും ചികിത്സാ സാമഗ്രികളും മറ്റ് ഉപകരണങ്ങളും കോർപ്പറേഷനിലൂടെ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

1-1-2007-ലെ ജി.ഒ.(പി) നമ്പർ 448/2007/ആ.കു.വ. ഉത്തരവ് പ്രകാരം സ്ഥാപിതമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 1-4-2008 മുതൽ സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികൾക്കു വേണ്ട അവശ്യമരുന്നുകൾ. ചികിത്സാ സാമഗ്രികൾ ബയോ മെഡിക്കൽ ഉപകരണങ്ങൾ, ആധുനിക ജീവൻ രക്ഷാ ആംബുലൻസുകൾ തുടങ്ങിയവ സംഭരിച്ചു വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly